REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നു തിരുവനന്തപുരത്ത്. നാലു ട്രെയിനുകളുടെ ഫ്ളാഗ് ഓഫ് അടക്കം വിവിധ പരിപാടികളിൽ പ്രധാനമന്ത്രി പങ്കെടുക്കും.**
- **വനിത സംവരണ ബിൽ സാമൂഹ്യ നീതി രംഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ ശക്തമായ ഇടപെടലാണെന്ന് കേന്ദ്ര സഹമന്ത്രി രാംദാസ് അതാവലെ.**
- **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **കണ്ക്ട് ടു വർക്ക് പദ്ധതിയിൽ ആദ്യ ദിവസം തന്നെ 9,861 പേർക്ക് സ്കോളർഷിപ്പ് അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.**
- **ഇന്ത്യ-ന്യൂസിലാന്റ് ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം വൈകിട്ട് റായ്പൂരിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നു തിരുവനന്തപുരത്ത്. രാവിലെ നാലു ട്രെയിനുകളുടെ ഫ്ളാഗ് ഓഫ് അടക്കം പരിപാടികളിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം നഗരവികസന രേഖയും നരേന്ദ്രമോദി അവതരിപ്പിക്കും.

ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, കേന്ദ്രമന്ത്രിമാരായ ജ്യോതിരാധിത്യ സിന്ധ്യ, ഡോ. ജിതേന്ദ്രസിംഗ്, ഡോ. ചന്ദ്രശേഖർ പെമ്മസാനി,

സഹമന്ത്രിമാരായ V സോമണ്ണ, രവ്നീത് സിംഗ്, തുടങ്ങിയവരും മറ്റ് പ്രമുഖരും പരിപാടികളിൽ പങ്കെടുക്കും.

പത്തരയോടെ തിരുവനന്തപുരം വിമാനത്താവള ത്തിലെത്തുന്ന പ്രധാനമന്ത്രിയെ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറും മുഖ്യമന്ത്രി പിണറായി വിജയനും ചേർന്ന് സ്വീകരിക്കും.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

.........വോയ്സ്.........

തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്തു നടക്കുന്ന ചടങ്ങിൽ വെച്ച് നാഗർകോവിൽ മംഗലാപുരം, തിരുവനന്തപുരം താമ്പരം, തിരുവനന്തപുരം ചർലപ്പള്ളി എന്നീ അമൃത് ഭാരത് എക്സ്പ്രസുകളുടേയും തൃശൂർ ഗുരുവായൂർ പാസഞ്ചർ ട്രെയിനിന്റേയും ഫ്ളാഗ് ഓഫ് പ്രധാനമന്ത്രി നിർവ്വഹിക്കും.

തെരുവു കച്ചവടക്കാരുടെ ഉന്നമനത്തിനായുള്ള പി എം സ്വാനിധി ക്രെഡിറ്റ് കാർഡുകളും അദ്ദേഹം പുറത്തിറക്കും. യുപിഐ സൗകര്യമുള്ള ഇതിലൂടെ പലിശ രഹിത റിവോൾവിങ് വായ്പാ സൗകര്യവും കച്ചവടക്കാർക്കു ലഭിക്കും.

തിരുവനന്തപുരത്തെ സിഎസ്ഐആർ എൻഐഐഎസ്ടിയിലെ സംരംഭകർക്കായുള്ള സാങ്കേതികവിദ്യാ ഹബ്ബ്, ശ്രീ ചിത്തിര ഇൻസ്റ്റിറ്റ്യൂട്ടിലെ റേഡിയോ സർജറി സെന്റർ എന്നിവയ്ക്ക് തറക്കല്ലിടുന്ന അദ്ദേഹം പൂജപ്പുരയിലെ പുതിയ ഹെഡ് പോസ്റ്റ് ഓഫിസ് ഉദ്ഘാടനവും നിർവ്വഹിക്കും.

ഈ പരിപാടികൾക്കു ശേഷമാവും പുത്തരിക്കണ്ടത്തു തന്നെ നടത്തുന്ന ബിജെപി സമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്യുക. തിരുവനന്തപുരം നഗര വികസന രേഖ അവിടെ വെച്ചാവും പ്രധാനമന്ത്രി അവതരിപ്പിക്കുക.

✪✪✪

പ്രധാനമന്ത്രിയുടെ സന്ദർശനത്തോട് ബന്ധപ്പെട്ട് രാവിലെ ഏഴ് മുതൽ ഉച്ചക്ക് രണ്ടുവരെ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. വിമാനത്താവളം മുതൽ പ്രധാനമന്ത്രി കടന്നുപോകുന്ന പാതകളിൽ വാഹനപാർക്കിംഗ് വിലക്കി. നിരവധി റോഡുകളിൽ പ്രത്യേക ഗതാഗത ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ പഴുതുകൾ അടക്കാനാണ് വികസിത് ഭാരത് G-RAM-G നിയമം കൊണ്ടുവന്നതെന്ന് കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വ്യക്തമാക്കി. ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി നടപ്പാക്കാനും

അഴിമതിയും കമ്മീഷനും തടയാൻ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനും നിയമം വഴിയൊരുക്കുന്നു. മുൻ പദ്ധതിയിലെ നൂറുദിവസത്തെ തൊഴിൽ 125 ആയി വർദ്ധിപ്പിക്കാനും അതിന് കഴിഞ്ഞില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകാനും നിയമം വ്യവസ്ഥ ചെയ്യുന്നതായി അദ്ദേഹം ബംഗലൂരുവിൽ  പറഞ്ഞു. പുതിയ നിയമത്തെ പറ്റി കോൺഗ്രസ് തെറ്റിദ്ധാരണ പരത്തുകയാണെന്നും ചൗഹാൻ കുറ്റപ്പെടുത്തി.

✪✪✪

വനിത സംവരണ ബിൽ സാമൂഹിക നീതി രംഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ ശക്തമായ ഇടപെടലാണെന്ന് കേന്ദ്ര സഹമന്ത്രി രാംദാസ് അതാവലെ പറഞ്ഞു. കോഴിക്കോട് ജില്ലയിലെ സാമൂഹികനീതിവകുപ്പ് പ്രവർത്തനങ്ങൾ അവലോകനം ചെയ്ത ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പുത്തൻ സാമ്പത്തിക ശക്തിയായി രാജ്യം മാറുകയാണെന്നും, ദേശീയ പാതകളുടേയും എയർപോർട്ടുകളുടേയും വികസനം പൊതുവിൽ രാജ്യത്തിനും സംസ്ഥാനങ്ങൾക്കും പ്രയോജനം ലഭിക്കുന്നുണ്ടെന്നും അതാവലെ പറഞ്ഞു. നിയമസഭ തെരഞ്ഞെടുപ്പിൽ കേരളത്തിൽ എട്ട് സീറ്റുകൾ റിപ്പബ്ലിക്കൻ പാർട്ടി NDA യോട് ആവശ്യപ്പെടുമെന്നും രാംദാസ് അതാവലെ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച 'പ്രഗതി' ഫ്ലാഗ്ഷിപ് പദ്ധതിയിൽ 50 വിലയിരുത്തൽ യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. 2015 ൽ ആരംഭിച്ച പ്രഗതി, രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. ജയ്പൂർ - സിക്കർ - ചുരു- മീറ്റർഗേജ് പാത ബ്രോഡ്ഗേജ് പാതയാക്കി മാറ്റിയ പദ്ധതിയെ കുറിച്ചാണ് ഇന്നത്തെ ആകാശവാണി പ്രഗതി പ്രത്യേക പരിപാടി.

....(വോയ്സ്)........

രാജസ്ഥാനിലെ റെയിൽ അടിസ്ഥാന മേഖലയിലെ സുപ്രധാന പദ്ധതിയായിരുന്നു ജയ്പൂർ- ചുരു ഗേജ്മാറ്റം. 320 കിലോമീറ്ററോളം പാത 1,222 കോടി രൂപ ചെലവിലാണ് ഉത്തര - പശ്ചിമ റെയിൽവെ ബ്രോഡ്ഗേജ് ആക്കിയത്. 2016 സെപ്തംബറിൽ പ്രഗതിയിൽ ഉൾപ്പെടുത്തിയ പദ്ധതി പ്രധാനമന്ത്രി അവലോകനം ചെയ്തു. വനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, ഭൂമി തർക്കങ്ങളും ഗേജ്മാറ്റത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി കണ്ടെത്തി. തുടർന്ന് റെയിൽവെ മന്ത്രാലയവും രാജസ്ഥാൻ ഗവൺമെന്റും പരിസ്ഥിതി - വനം മന്ത്രാലയവുമായി ചർച്ച നടത്തി പ്രശ്ന പരിഹാരം വേഗത്തിൽ ഉണ്ടാക്കാൻ നരേന്ദ്രമോദി നിർദേശം നൽകി. നിർമ്മാണ

അനുമതി സമയബന്ധിതമായി നൽകാനും അദ്ദേഹം ആവശ്യപ്പെട്ടു. ഇതോടെ, അതിവേഗം തർക്കപരിഹാരവും ഏകോപനവും സാധ്യമാക്കി 2019 ഓടെ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചു.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയായി പങ്കെടുക്കും. തുടർവികസന പ്രവർത്തനങ്ങളുടെ ഒരുക്കങ്ങൾ വിലയിരുത്താൻ മന്ത്രി VN വാസവൻ ഇന്നലെ തുറമുഖം സന്ദർശിച്ചു. തുറമുഖത്തിന്റെ പ്രവർത്തനങ്ങളെ ഒരു തരത്തിലും ബാധിക്കാത്ത തരത്തിലാണ് ഉദ്ഘാടന ചടങ്ങ് ഒരുക്കിയിരിക്കുന്നത്.

✪✪✪

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി റാങ്കിലിസ്റ്റിൽ ഉൾപ്പെട്ട 450 ഓളം ഉദ്യോഗാർത്ഥികൾക്ക് ഇന്ന് നിയമന ശിപാർശ കൈമാറുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. രാവിലെ തിരുവനന്തപുരം ശിക്ഷക് സദനിലാണ് നിയമന ശിപാർശ വിതരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടന ചടങ്ങ്.

എയ്ഡഡ് മേഖലയിൽ കഴിഞ്ഞ അധ്യയന വർഷം വരെ നടത്തിയ നിയമനങ്ങളുടെ തീർപ്പാകാത്ത ഫയലുകളിൽ അടിയന്തര നടപടിക്ക് മേഖലാ തല ഫയൽ അദാലത്തുകൾ നടത്തുമെന്ന് മന്ത്രി അറിയിച്ചു. ഇതിൽ ആദ്യത്തേത് ഇന്ന് ശിക്ഷക് സദനിൽ ആരംഭിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് ഞായറാഴ്ച പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ ടോൾ ഫ്രീ നമ്പറിലോ ഇന്നുകൂടി അറിയിക്കാം.

✪✪✪

കേരളാ ഗവൺമെന്റ് തുടക്കമിട്ട കണക്ട് ടു വർക്ക് പദ്ധതിയിൽ ആദ്യ ദിവസം തന്നെ 9,861 പേർക്ക് സ്കോളർഷിപ്പ് അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ഇവരുടെ അക്കൗണ്ടുകളിലേക്ക് 1000 രൂപ വീതം കൈമാറി. ബുധനാഴ്ചയാണ് മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതി ഉദ്ഘാടനം ചെയ്തത്. പതിനായിരത്തോളം അപേക്ഷകർക്ക് തൊട്ടടുത്ത ദിവസം സ്കോളർഷിപ്പ് അനുവദിച്ചു. ബാങ്ക് അക്കൗണ്ടുകളിലെ സാങ്കേതിക

തടസ്സംകൊണ്ടാണ് ശേഷിക്കുന്നവർക്ക് തുക വിതരണം ചെയ്യാൻ കഴിയാതെ വന്നത്. ഇവർക്ക് വരും ദിവസങ്ങളിൽ തുക ലഭ്യമായി തുടങ്ങുമെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ ഒമ്പതാം പതിപ്പിന് കോഴിക്കോട് തുടക്കമായി. ബഹിരാകാശ യാത്രിക സുനിത വില്യംസും, മന്ത്രി PA  മുഹമ്മദ് റിയാസും ചേർന്ന് ഉദ്ഘാടനം ചെയ്തു. ബഹിരാകാശത്ത് നിന്ന് നോക്കിയാൽ എല്ലാ മനുഷ്യരുമടങ്ങുന്ന ഒരൊറ്റ ഭൂമിയാണ് കാണാനാകുക എന്നും ചെറിയ കാര്യങ്ങൾക്ക് പരസ്പരം വഴക്കിടരുതെന്നും സുനിത വില്യംസ് പറഞ്ഞു.

✪✪✪

കേന്ദ്ര പഞ്ചായത്തീ രാജ് - വിദ്യാഭ്യാസ മന്ത്രാലയങ്ങൾ സംഘടിപ്പിച്ച മാതൃകാ യൂത്ത് ഗ്രാമ സഭ പ്രവർത്തന പ്രദർശന മത്സരത്തിൽ കണ്ണൂർ ചെണ്ടയാട് ജവഹർ നവോദയ വിദ്യാലയത്തിന് ദേശീയ അംഗീകാരം. ദേശീയ തലത്തിൽ രണ്ടാം സ്ഥാനമാണ് സ്കൂളിന് ലഭിച്ചത്.

കണ്ണൂരിൽ നിന്ന് KO.ശശിധരൻ

........വോയ്സ്........

രാജ്യത്തെ 619 ജവഹർ നവോദയ വിദ്യാലങ്ങളിൽ നിന്നും 200 ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിന്നുമാണ് വ്ദ്യാർഥികൾ മത്സരത്തിൽ പങ്കെടുത്തത്. സംസ്ഥാന തലത്തിലും മേഖല തലത്തിലും നടത്തിയ മത്സരത്തിന് ശേഷമാണ് പൂനെയിൽ ദേശീയ മത്സരം  നടന്നത്.

ജനാധിപത്യത്തെക്കുറിച്ചും ഭരണ സംവിധാനത്തെക്കുറിച്ചും വിദ്യാർഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായാണ് മന്ത്രാലയങ്ങൾ ചേർന്ന് മത്സരം സംഘടിപ്പിച്ചത്. നവോദയയിലെ 10 കുട്ടികൾ ആണ് മത്സരത്തിൽ പങ്കെടുത്തത്. ഈ മാസം 28 ന് ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കും.

✪✪✪

ഇന്ത്യ-ന്യൂസിലാന്റ് ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം വൈകിട്ട് റായ്പൂരിൽ ആരംഭിക്കും. ബുധനാഴ്ച ആദ്യ മത്സരത്തിൽ ഇന്ത്യ 48 റൺസിന് വിജയിച്ചിരുന്നു.

✪✪✪

ജക്കാർത്തയിൽ ഇന്തോനേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റ് ക്വാർട്ടർ ഫൈനലിൽ ഇന്ന് ഇന്ത്യൻ താരങ്ങൾ മത്സരിക്കും. ലക്ഷ്യ സെൻ തായ്‌ലന്റ് താരത്തെയും PV സിന്ധു ചൈനയെയുമാണ് നേരിടുന്നത്.

✪✪✪

വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സ്, UP വാരിയേഴ്സിനെ തോൽപ്പിച്ചു. 45 റൺസിനാണ് അവരുടെ വിജയം.

✪✪✪

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കുടുംബശ്രീ സംസ്ഥാന മിഷൻ സംഘടിപ്പിക്കുന്ന ബഡ്സ് ഒളിമ്പ്യ സംസ്ഥാന കായികോൽസവം ഇന്നും നാളെയും കണ്ണൂരിൽ നടത്തും. പോലീസ് പരേഡ് മൈതാനിയിൽ 380 മത്സരാർത്ഥികൾ കായിക പരിപാടിയിൽ പങ്കെടുക്കും. ഉച്ച കഴിഞ്ഞ് V,ശിവദാസൻ MP ഉദ്ഘാടനം ചെയ്യും.

✪✪✪

കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലറായി ഡോ. P. രവീന്ദ്രൻ ഔദ്യോഗിക ചുമതലയേറ്റു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. P. റഷീദ് അഹമ്മദ്, TJ. മാർട്ടിൻ, K. മധു, CP. ഹംസ തുടങ്ങിയവരും, അധ്യാപക-അനധ്യാപക സർവീസ് സംഘടന പ്രതിനിധികളും ചുമതലയേൽക്കൽ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

തിരുനാവായ മഹാമാഘമഹോത്സവത്തിന്റെ ഭാഗമായി തമിഴ്നാട്ടിലെ തിരുമൂർത്തി മലയിൽ നിന്ന് എത്തിചേർന്ന മഹാമേരു രഥയാത്രയ്ക്ക് യജ്ഞവേദിയിൽ വൻ വരവേല്പ് നൽകി. രഥത്തിലെത്തിച്ച ശ്രീചക്രത്തെ ആരതിയുഴിഞ്ഞ് സ്വീകരിച്ചു.

മഹാമാഘമഹോത്സവ സഭാപതി ആനന്ദവനം ഭാരതിയുടെ നേതൃത്വത്തിൽ ശ്രീചക്രം പുഴക്ക് നടുവിലെ യജ്ഞശാലയിൽ സ്ഥാപിച്ചു. താൽകാലിക പാലം സുരക്ഷിതമാക്കിയതോടെ നിരവധി തീർത്ഥാടകർ യജ്ഞവേദിയിലേക്ക് എത്തിതുടങ്ങി.

✪✪✪

തിരുവാഭരണ ഘോഷയാത്ര ഇന്ന് രാവിലെ പന്തളത്ത് മടങ്ങിയെത്തും.പെരിയസ്വാമി മരുതുവന ശിവൻകുട്ടിയുടെ നേതൃത്വത്തിൽ 30 അംഗ സംഘമാണ് തിരുവാഭരണ പേടകങ്ങളുമായി ഇന്ന് മടങ്ങിയെത്തുന്നത്.

തിരുവാഭരണ പെട്ടികൾ ദേവസ്വം ബോർഡ് അധികൃതരിൽ നിന്ന് കൊട്ടാരം നിർവാഹകസംഘം ഭാരവാഹികൾ ഏറ്റുവാങ്ങും. പിന്നീട് സ്രാമ്പിക്കൽ കൊട്ടാരത്തിലെ സുരക്ഷിത മുറിയിലേക്ക് മാറ്റും.

✪✪✪

കരുളായി കരിമ്പുഴ വന്യജീവി സങ്കേതത്തിലെ രണ്ടാംഘട്ട ജൈവവൈവിധ്യ കണക്കെടുപ്പ് തുടങ്ങി. ഞായറാഴ്ച സമാപിക്കും. നീലഗിരി മലനിരകളുടെ താഴ്‌വാരത്തെ കരിമ്പുഴ വന്യജീവിസങ്കേതം കേരളത്തിലെ ഏറ്റവും ജൈവ സമ്പുഷ്ടമായ വന്യജീവി സങ്കേതങ്ങളിൽ ഒന്നാണ്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരത്തിലെ വിദ്യാഭ്യാസ ജില്ലാ തല മത്സരങ്ങൾ ഇന്നലെ പൂർത്തിയായി. ഫെബ്രുവരി അഞ്ചിന് സ്കൂൾ-കോളജ് വിദ്യാർത്ഥികളുടെ ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കും. ഫെബ്രുവരി മൂന്നാം വാരത്തിലായിരിക്കും ഗ്രാന്റ് ഫിനാലെ.

✪✪✪

കൊച്ചി വിമാനത്താവളത്തിൽ യാത്രക്കാരുടെ സുരക്ഷാ പരിശോധന വേഗത്തിലാക്കാൻ സ്ഥാപിച്ച ഫുൾ ബോഡി സ്കാനറിന്റെ പരീക്ഷണ പ്രവർത്തനം തുടങ്ങി. സുരക്ഷാ പരിശോധനാ സമയത്ത് ക്യാബിൻ ബാഗേജുകളുടെ നീക്കം വേഗത്തിലാക്കുന്ന ഓട്ടോമേറ്റഡ് ട്രേ റിട്രീവൽ സിസ്റ്റവും പ്രവർത്തനം ആരംഭിച്ചു.

സിയാൽ മാനേജിങ് ഡയറക്ടർ S. സുഹാസ് ഫുൾബോഡി സ്കാനർ ഉദ്ഘാടനം ചെയ്തു. ഇവ പൂർണമായി പ്രവർത്തിച്ചു തുടങ്ങുന്നതോടെ സുരക്ഷാ ഉദ്യോഗസ്ഥർ ഇപ്പോൾ നടത്തുന്ന ദേഹപരിശോധന ഒഴിവാക്കാൻ കഴിയും.

✪✪✪

കണ്ണൂർ പുഷ്പോത്സവം കഥാകൃത്ത് T പത്മനാഭൻ ഉദ്ഘാടനം ചെയ്തു. ഫെബ്രുവരി മൂന്നു വരെയാണ് കണ്ണൂർ അഗ്രി ഹോർട്ടിക്കൾച്ചർ സൊസൈറ്റി സംഘടിപ്പിക്കുന്ന പുഷ്പോത്സവം.

✪✪✪

അടിമാലി ദേവിയാർ കിരാത ചാമുണ്ഡേശ്വരി ക്ഷേത്രത്തിൽ അഷ്ടലക്ഷ്മി മഹായാഗ പരിപാടികൾക്ക് ഇന്ന് തുടക്കമാകും. ഈ മാസം 25നാണ് മഹായാഗം.

✪✪✪

*News Editor : അനഘ*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: നിമിഷ ജി*
*DEO : സി കെ സുബോധ്*